## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **6469**

03.04.2018-ലെ മറുപടി

# പൊതുഗതാഗത മാർഗ്ഗങ്ങളിൽ ജല വിതരണ പൈപ്പുലൈനുകൾ സ്ഥാപിക്കുന്നതിന് പൊതുനയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളിലും ത്രിതല പഞ്ചായത്തുകളുടെ ചുമതലയിലുള്ള റോഡുകളിലും ജല വിതരണ പൈപ്പുലൈനുകൾ സ്ഥാപിക്കുന്നതിന് വേണ്ടി ജലവിഭവ വകുപ്പ് ബന്ധപ്പെട്ട ഏജൻസികളുടെ അനുമതി തേടാറുണ്ടോ; ഇങ്ങനെയുള്ള അനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത ഏജൻസികൾക്ക് റോഡിന്റെ പുനർ നിർമ്മാണത്തിന് തുക അടയ്ക്കേണ്ടതായി വരാറുണ്ടോ; എങ്കിൽ ഇതിന്റെ നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ബന്ധപ്പെട്ട ഏജൻസികളുടെ അനുമതി തേടാറുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ എസ്റ്റിമേറ്റ് നൽകുന്നതിനനുസരിച്ച് തുക അടയ്ക്കാറുണ്ട്. നിരക്ക് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br><br><u>എൻ.എച്ച് (National Highway):</u><br>ബി.എം.(Bituminous Macadam) & ബി.സി (Bituminous Concrete) - Rs. 3854/m²<br>ബേം കട്ടിംഗ് - Rs. 264/m²<br><u>കെ.ആർ.എഫ്.ബി (Kerala Rural Fund Board)</u> – Rs. 7562/m²<br><br><u>പി.ഡബ്ള്യൂ.ഡി (Public Works Department) & എൽ.എസ്.ജി.ഡി (Local Self Government Department) -</u><br><br>ബ്ലാക്ക് ടോപ്പ് സർഫസ് - Rs. 1521/m²<br>ഡബ്ള്യൂ.ബി.എം.സർഫസ് - Rs. 964/m²<br>എർത്തേൺ ബേം - Rs. 161/m²<br>ടൈൽ കട്ടിംഗ് - Rs. 1935/ m²<br><u>കെ.ആർ.എഫ്.ബി.ടൈൽ</u> - Rs. 5339/ m²<br><u>എൽ.എസ്.ജി.ഡി.</u> - Rs. 1143/ m² |
| (ബി) ജലവിതരണ പൈപ്പുലൈനുകളിൽ അടിക്കടിയുണ്ടാകുന്ന തകരാറുമൂലം പൊതു ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ പരിഹരിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ അടിയന്തിര സാഹചര്യം നേരിടുന്നതിനായി ബ്ലൂ ബ്രിഗേഡ് സംവിധാനവും നിലവിലുണ്ട്. കാലപ്പഴക്കം ചെന്ന പൈപ്പുകളും നിരന്തരം പൊട്ടുന്ന പൈപ്പുകളും മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതികൾ സ്റ്റേറ്റ് പ്ലാൻ, അമൃത് പദ്ധതി |

കിഫ്ബി എന്നിവയിൽ ഉൾപ്പെടുത്തി തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) പൊതുയാത്രാ മാർഗ്ഗങ്ങളിൽ പൈപ്പ് സ്ഥാപിക്കുന്നതും അതിന്റെ അറ്റകുറ്റ പണികൾ നടത്തുന്നതും സംബന്ധിച്ച് ജലവിഭവവകുപ്പ് ഒരു പൊതുനയം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ:

(സി) പൊതുയാത്രാ മാർഗ്ഗങ്ങളിൽ അഥവാ പൊതുറോഡുകളിൽ റോഡിന്റെ അരികു ചേർന്നാണ് പൈപ്പുകൾ സ്ഥാപിക്കുന്നത്. പൊതുജനങ്ങൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ കുറച്ച് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചാണ് പൈപ്പുകൾ സ്ഥാപിക്കുന്നത്. കൂടാതെ പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനു മുമ്പായി ബന്ധപ്പെട്ട ഏജൻസികളിൽ അപേക്ഷ നൽകി എസ്റ്റിമേറ്റ് തയ്യാറാക്കി അവർ നിശ്ചയിക്കുന്ന ഫീസ് അടച്ച് അനുവാദം വാങ്ങിയ ശേഷമാണ് പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി ചെയ്തുവരുന്നത്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിക്കാൻ വൈകുന്നതുമൂലം തകരാറുകൾ യഥാസമയം പരിഹരിക്കുന്നതിനും പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനും കഴിയാത്ത സാഹചര്യമുണ്ടോ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഏജൻസികളുടെ അനുമതി യഥാസമയം ലഭ്യമാക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ഡി) & (ഇ) ഉണ്ട്.
റോഡ് കട്ടിങ് സംബന്ധമായ വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിന് ഇരുവകുപ്പുകളുടെയും ഉന്നത ഉദ്യോഗസ്ഥതലത്തിലും ബഹു. മന്ത്രിമാരുടെ തലത്തിലും യോഗങ്ങൾ നടത്തി പ്രശ്ന പരിഹാരം കാണുന്നുണ്ട് അടിയന്തിര സാഹചര്യങ്ങളിൽ ജില്ലാ ഭരണകൂടത്തിന്റെ ഇടപെടലുകളിലൂടെയും അനുമതി ലഭ്യമാക്കാറുണ്ട്. കൂടാതെ ബന്ധപ്പെട്ട ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഏജൻസികൾ എന്നിവരുമായി ജില്ലാ കളക്ടർ തലത്തിലും സർക്കാർ തലത്തിലും അവലോകന യോഗങ്ങൾ നടത്തി വേണ്ട നടപടികൾ കേരള വാട്ടർ അതോറിറ്റി കൈക്കൊണ്ടുവരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റോഡ് പുനർനിർമ്മിക്കുന്നതിനുള്ള തുക അടച്ച് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**